"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കെ.യു.ആർ.ഡി.എഫ്.സി. - ചെങ്ങന്നൂർ മുനിസിപ്പാലിറ്റി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും എടുത്ത വായ്പ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 25 ലക്ഷം രൂപ ഈടാക്കുന്നതിനും, ബാക്കി തുക എഴുതിത്തള്ളുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.763/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/04/2020

പരാമർശം:- കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 13/01/2020-ലെ കെ.യു.ആർ.ഡി.എഫ്.സി./ഡ്യൂസ്/സി.ജി.ആർ /08 നമ്പർ കത്ത്.

**ഉത്തരവ്**

ചെങ്ങന്നൂർ നഗരസഭ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും എടുത്ത വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 25 ലക്ഷം രൂപ നഗരസഭയിൽ നിന്നും ഈടാക്കുന്നതിനും, ബാക്കി തുക എഴുതിത്തള്ളുന്നതിനുമുള്ള അനുമതിക്കായി പരാമർശ കത്ത് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ നഗരസഭയ്ക്ക് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 1,38,60,000/- രൂപ വായ്പ അനുവദിക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി. 11.04.2002-ന് നഗരസഭ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടു. തവണകളായി വിതരണം ചെയ്ത പ്രസ്തുത വായ്പയിലേക്ക് നഗരസഭ 2,44,85,789/- രൂപ തിരിച്ചടവ് നടത്തി. കുടിശ്ശിക തിരിച്ചടവിൽ നഗരസഭ നിരന്തര വീഴ്ച വരുത്തിയതിനാൽ 31.03.2012-ലെ കുടിശ്ശിക 85,84,468/- രൂപയായി (മുതൽ - 17,04,787/- , പലിശ - 65,36,916/-, പിഴപ്പലിശ - 3,42,765/-) വർദ്ധിച്ചു. തുടർന്ന് നഗരസഭ അടച്ച 28,30,990/- രൂപയിൽ 17,04,787/- രൂപ മുതലിലേയ്ക്കും 11,26,211/- രൂപ പലിശയിലേക്കുമായി വരവ് വച്ചു. അതിൻ പ്രകാരം 31.03.2013-ലെ കുടിശ്ശിക 67,33,781/- രൂപയായി. (മുതൽ-0, പലിശ - 62,32,902/-. പിഴപ്പലിശ-5,00,879/-). 31.01.2020-വരെയുള്ള നഗരസഭയുടെ ആകെ കുടിശ്ശിക 1,30,33,679/- രൂപയാണ് (പലിശ-62,32,902/-, പിഴപലിശ-9,03,555/-, കൂട്ടുപലിശ-58,97,222/-).

ദീർഘനാളായുള്ള പ്രസ്തുത വായ്പ കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച് ചെങ്ങന്നൂർ നഗരസഭ സെക്രട്ടറിയുമായി 27.07.2019-ന് കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ ചർച്ച നടത്തുകയും, ഇതേതുടർന്ന് കെ.യു.ആർ.ഡി.എഫ്.സി. അംഗീകരിക്കുന്ന പക്ഷം ഒറ്റത്തവണ 40 ലക്ഷം രൂപ അടച്ച് വായ്പ തീർപ്പാക്കാൻ തീരുമാനിക്കുകയും, പിന്നീട് നഗരസഭയിൽ നിന്നുള്ള അഭ്യർത്ഥന പരിഗണിച്ച് ഇത് 25 ലക്ഷം രൂപയായി കുറയ്ക്കുകയും, ആയത് കെ.യു.ആർ.ഡി.എഫ്.സി. അംഗീകരിക്കുകയും ചെയ്തു. ഈ വിഷയം കെ.യു.ആർ.ഡി.എഫ്.സിയുടെ 11/10/2019-ൽ ചേർന്ന ഡയറക്ടർ ബോർഡ് ചർച്ച ചെയ്യുകയും

മേല്പറഞ്ഞ പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിന് സർക്കാർ അനുമതി തേടാൻ തീരുമാനിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ നഗരസഭ കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും എടുത്ത പ്രസ്തുത വായ്പ കുടിശ്ശികയിലെ മുതൽ ഭാഗം 31.03.2013 മുതൽ പൂർണ്ണമായും അടവായിട്ടുള്ളതിനാലും 04/2002-ൽ എടുത്തിട്ടുള്ള വായ്പ ആയതിനാലും ബാക്കിയുള്ള വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 25 ലക്ഷം രൂപ നഗരസഭയിൽ നിന്നും ഈടാക്കുന്നതിനും, ബാക്കി തുക എഴുതിത്തള്ളുന്നതിനും, **ഇപ്രകാരം വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിന് മറ്റ് നിയമതടസ്സങ്ങൾ ഇല്ല എന്ന് മാനേജിംഗ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി**, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനി മോള് ഡി**
**ജോയിന്റ് സെക്രട്ടറി**

ചെയർപേഴ്സൻ, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
സെക്രട്ടറി, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) (എൽ.ബി.എ.), കേരളം, തിരുവനന്തപുരം,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ